"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - 'ദാസ' (DASA) സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.6/2023/BCDD തീയതി, തിരുവനന്തപുരം, 11-09-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 25/02/2023 -ലെ റിപ്പോർട്ട്.

ഉത്തരവ്

വടക്കൻ മലബാർ പ്രദേശത്ത് താമസിക്കുന്നവരും ഭക്തിപരമായ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷേത്രങ്ങളും വീടുകളും സന്ദർശിച്ച് ശംഖ് ഊതുകയും അതിൽനിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് ജീവിതമാർഗ്ഗം കണ്ടെത്തുകയും ചെയ്യുന്ന ഒരു വിഭാഗമാണ് 'ദാസ' (DASA) സമുദായം. ഇക്കൂട്ടർ കാർഷിക വൃത്തിയിലും മറ്റ് അനുബന്ധ ജോലികളിലും ഏർപ്പെട്ടു വരുന്നവരുമാണ്. ഈ വിഭാഗത്തിലെ ഭൂരിഭാഗം പേരും തൊഴിൽരഹിതരും സർക്കാർ സർവ്വീസിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലിയിൽ ഏർപ്പെട്ടിട്ടില്ലാത്തവരുമാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കുടിയേറിയ ഈ വിഭാഗക്കാരുടെ മാതൃഭാഷ കന്നടയാണ്. കൂടാതെ ഇക്കൂട്ടർ സാമൂഹ്യപരമായും, വിദ്യാഭ്യാസപരമായും, സാമ്പത്തികപരമായും പിന്നാക്കം നിൽക്കുന്ന അവസ്ഥയിലുമാണ്. ഈ വിഭാഗക്കാരെ പിന്നാക്ക വിഭാഗക്കാരുടെ സംസ്ഥാന പട്ടികയിൽ ഉൾപ്പെടുത്താത്തത് കാരണം സമുദായത്തിന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ പല പ്രയാസങ്ങളും നേരിടുന്നതായും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) 'ദാസ' (DASA) സമുദായത്തെ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 13 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം പിന്നാക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ

കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 'ദാസ' (DASA) സമുദായത്തെ 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 13 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം. 1727 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
സെക്ഷൻ ഓഫീസർ
Date: 11-09-2023 22:40:20